# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*513   26.03.2018 ൽ മറുപടിക്ക്**

## നഗരങ്ങളിൽ ബൈപാസ് റോഡ് നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വാഹന സാന്ദ്രത അധികമായതിനാൽ നഗരങ്ങളിലെ ഗതാഗതക്കുരുക്കും അപകടങ്ങളും കുറയ്ക്കാനായി ആവിഷ്കരിച്ച ബൈപാസ് റോഡ് നിർമ്മാണ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഏതൊക്കെ നഗരപ്രദേശങ്ങളിലാണ് ബൈപാസ് ഉദ്ദേശിക്കുന്നത്; | എ) സംസ്ഥാനത്തെ വാഹന സാന്ദ്രത അധികമായതിനാൽ നഗരങ്ങളിലെ ഗതാഗതക്കുരുക്കും അപകടങ്ങളും കുറയ്ക്കാനായി വിവിധ നഗരങ്ങളിൽ ബൈപ്പാസ് റോഡുകൾ നിർമ്മിച്ച് വരുന്നു. പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ കീഴിൽ ഉള്ള ബൈപ്പാസുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ദേശീയപാത വിഭാഗം തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് ദേശീയപാത 66 (പഴയ എൻ.എച്ച് 47) രണ്ട് ബൈപ്പാസുകളുടെ നിർമ്മാണമാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>1. തിരുവനന്തപുരം ബൈപ്പാസ്<br>2. ആറ്റിങ്ങൽ ബൈപ്പാസ്<br>തിരുവനന്തപുരം ബൈപ്പാസ് കഴക്കൂട്ടത്തു നിന്ന് ആരംഭിച്ച് തമിഴ്നാട് അതിർത്തിയായ കാരോട് വരെയാണ്. ആയതിന്റെ പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടപ്പിലാക്കി വരുന്നു. ആറ്റിങ്ങൽ ബൈപ്പാസ് കേന്ദ്ര സർക്കാരിന്റെ ദേശീയപാത 47ന്റെ നാലുവരിപ്പാത വികസനത്തോടൊപ്പം നടപ്പാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.<br>കൊല്ലം ബൈപ്പാസ് കൊല്ലം പട്ടണത്തിലെ ദേശീയപാത 66 (പഴയ എൻ.എച്ച് 47) ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ്. ആയത് ഇപ്പോൾ 78% പൂർത്തീകരിച്ചിട്ടുണ്ട്. അഷ്ടമുടിക്കായലിനു കുറുകേയുള്ള മൂന്ന് പ്രധാന പാലങ്ങളായിരുന്നു ഈ പദ്ധതിയിലെ പ്രധാന നിർമ്മാണം. ആയവ മൂന്നും പൂർത്തീകരിച്ചു കഴിഞ്ഞു. 2018 ആഗസ്റ്റിലാണ് പദ്ധതി പൂർത്തീകരിക്കുവാൻ |

പ്ലാൻ ചെയ്തിട്ടുള്ളത്.

ദേശീയപാത 66 (പഴയ എൻ.എച്ച് 47)ൽ ആലപ്പുഴ ജില്ലയിലെ കൊമ്മാടി മുതൽ കളർകോട് വരെ 6.8 കി.മീ നീളമുള്ള ബൈപ്പാസ് നിർമ്മിച്ചു വരുന്നു. ആയതിന്റെ പുരോഗതി 80% പൂർത്തിയായ സ്ഥിതിയിലാണ്.

മൂവാറ്റുപുഴ ദേശീയപാതാ വിഭാഗത്തിന് കീഴിൽ ദേശീയപാത 85 (പഴയ എൻ.എച്ച് 49) ൽ മൂന്ന് ബൈപ്പാസുകളാണ് പരിഗണനയിൽ ഉള്ളത്. തൃപ്പൂണിത്തുറ, കോതമംഗലം, മൂവാറ്റുപുഴ എന്നീ നഗര പ്രദേശങ്ങളിലാണ് ബൈപ്പാസ് ഉദ്ദേശിക്കുന്നത്. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ നിലവിൽ ഏറ്റെടുത്ത ഭാഗത്തിന്റെ (മറ്റക്കുഴി - തിരുവാങ്കുളം) റിവൈസ്ഡ് എൽ.എ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബാക്കി ഭാഗത്തിന്റെ അലൈൻമെന്റിൽ പ്രാദേശികമായി തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തി പൂർത്തീകരിയ്ക്കാൻ സാധിച്ചിട്ടില്ല.

കോതമംഗലം, മൂവാറ്റുപുഴ ബൈപ്പാസുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി ക്കൊണ്ടിരിക്കുന്നു.

മലപ്പുറം ജില്ലയിൽ എൻ.എച്ച് 966ൽ മക്കരപ്പറമ്പിലാണ് ബൈപ്പാസ് നിർമ്മിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ആയതിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി KITCO യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ താഴെ പറയുന്ന ബൈപ്പാസുകളുടെ പ്രാഥമിക പഠന പ്രക്രിയ നടന്നു വരുന്നു.

1.ദേശീയപാത 66ൽ കൊയിലാണ്ടി ബൈപ്പാസ് ദേശീയപാത അതോറിറ്റിയുടെ ആറുവരിപ്പാത വികസന പ്രവൃത്തിയിൽ ഉൾപ്പെടുത്തി സർവ്വേ നടപടികൾ നടന്നു വരുന്നു.

2. ദേശീയപാത 766ൽ കൊടുവള്ളി ബൈപ്പാസ്

3. ദേശീയപാത 766ൽ താമരശ്ശേരി ബൈപ്പാസ്

4.ദേശീയപാത 766ൽ ബത്തേരി ബൈപ്പാസ്.

കണ്ണൂർ ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ദേശീയപാത 66 (പഴയ എൻ.എച്ച് 47) വരുന്ന കി.മീ 18/050 (തലപ്പാടി) മുതൽ കി.മീ 184/600 (മാഹിപ്പാലം) വരുന്ന റോഡിന് നാലുവരിപ്പാതയുടെ (ബൈപ്പാസ് ഉൾപ്പെടെ ഉള്ള) നിർമ്മാണ പ്രവൃത്തികൾ ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ)

യാണ് ചെയ്യുന്നത്. ഇതിൽ തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി - മാഹി ബൈപ്പാസുകൾ ഉണ്ട്.

ബി) റോഡപകടങ്ങളുടെ മുഖ്യകാരണങ്ങളായ റോഡ് ഉപരിതലത്തിന്റെ മോശം സ്ഥിതി, നിർമ്മാണത്തിലെ അപാകത, ഡിസൈനിംഗിലെ പാകപ്പിഴ, വഴിയോര കയ്യേറ്റം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാനായി കൈക്കൊണ്ടിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

ബി) റോഡ് ഉപരിതലത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഉപരിതലം പുതുക്കുന്നതിനും, റോഡിലുണ്ടാകുന്ന കേടുപാടുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. നിർമ്മാണത്തിലെ അപാകതകൾ ഡിഫക്ട് ലയബിലിറ്റി പിരീഡിനുള്ളിൽ വരുന്നത് ബന്ധപ്പെട്ട കരാറുകാരുടെ ചിലവിൽ തന്നെ പരിഹരിച്ചു വരുന്നു. പ്രവർത്തികളുടെ ഡിസൈനിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി പരിഹരിച്ച് വരുന്നുണ്ട്. പാതയോരങ്ങളിലെ കയ്യേറ്റം ഗതാഗതത്തിന് തടസ്സമായി വരുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം സ്വീകരിക്കുന്നുണ്ട്. മുഴുവൻ കയ്യേറ്റവും ഒഴിപ്പിക്കുന്നതാണ്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡുകൾ ജനങ്ങൾക്ക് സഞ്ചരിക്കുവാനുള്ളതാണ്, കയ്യേറാനുള്ളതല്ല. റോഡ് അപകടങ്ങളുടെ മുഖ്യ കാരണങ്ങൾ കണ്ടെത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ വിവിധ ദേശീയപാതകളിൽ റോഡ് സേഫ്ടി ഓഡിറ്റുകൾ നടത്തി വരുന്നുണ്ട്. ആയത് പ്രകാരം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി റോഡിന്റെ വികസന പ്രവർത്തനങ്ങൾ നടത്താറുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിലെ രണ്ട് വരിപ്പാതകൾ നാല്/ആറു വരിപ്പാതകളായും പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ട് വരിപ്പാതകളായും വികസിപ്പിച്ചു കൊണ്ടിരിക്കുന്നു.

സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്ടി എന്ന ശീർഷകത്തിൽ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള ഐറ്റങ്ങൾ

ഉൾപ്പെടുത്തിയിട്ടാണ് പുതിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി കണ്ടു കൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തി വരുന്നു. റമ്പിൾ സ്ട്രിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ മുതലായവ സ്ഥാപിക്കാറുണ്ട്.

സി) നഗരങ്ങളിലെ റോഡുകളിൽ കാൽനടക്കാർക്കും സൈക്കിൾ യാത്രക്കാർക്കും സഞ്ചാര സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

സി) നഗരങ്ങളിലെ റോഡുകളിൽ കാൽനട യാത്രക്കാർക്ക് സഞ്ചാരസൗകര്യം ഏർപ്പെടുത്തുന്നതിന് പരിഗണന നൽകിയിട്ടുണ്ട്. ആയത് നടപ്പിൽ വരുത്തുന്നതിനായി സീബ്രാ ക്രോസിംഗുകൾ, സൈൻ ബോർഡുകൾ എന്നിവ ചെയ്തുവരുന്നു. പ്രത്യേകിച്ച് നഗര റോഡ് വികസന പദ്ധതികളിൽ ഉൾപ്പെടുത്തി നഗരങ്ങളിൽ കാൽനടയാത്രക്കാർക്ക് വേണ്ട ഫുട്പാത്തുകൾ, ഹാന്റ് റെയിൽ ഉൾപ്പെടെയുള്ള വികസന പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. സൈക്കിൾ യാത്രക്കാർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സ്ഥലലഭ്യതക്കനുസരിച്ച് നൽകുന്നതാണ്. ആലപ്പുഴ ജില്ലയിലെ നഗരവികസന പദ്ധതിയിൽപ്പെടുത്തി സൈക്കിൾ ലെയിൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കൂടാതെ കാൽനടയാത്രക്കാരുടെ സഞ്ചാരം സുഗമമാക്കുന്നതിന് ഫുട്പാത്തിലെ കയ്യേറ്റങ്ങൾ, നിർമ്മാണ സാമഗ്രികൾ ഫുട്പാത്തിൽ കൂട്ടിയിടുക, അനധികൃതമായി വാഹനം പാർക്ക് ചെയ്യുക എന്നീ കാര്യങ്ങൾ ഒഴിവാക്കുന്നതിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡുകളുടെ ഹൈവേ അതോറിറ്റിയായി അതാത് എക്സി.എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിച്ച് യാത്രാസൗകര്യങ്ങൾ സുഗമമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിലുള്ള ബൈപ്പാസ് റോഡുകളുടെ വിശദാംശങ്ങൾ

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം 513.

### തിരുവനന്തപുരം ഡിവിഷൻ

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | വെഞ്ഞാറമൂട് ബൈപ്പാസ് റോഡ് | കിഫ്ബി 2017–18–ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2. | വർക്കല ബൈപ്പാസ് റോഡ് | പ്രാരംഭ നടപടികൾ നടന്നുവരുന്നു. |

### കൊല്ലം ഡിവിഷൻ

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | കരുനാഗപ്പള്ളി ബൈപ്പാസ് | കിഫ്ബി 2016–17–ൽ ഉൾപ്പെടുത്തി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്ററിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 2. | അഞ്ചൽ ബൈപ്പാസ് | അഞ്ചൽ ബൈപ്പാസിന്റെ ഒന്നാം ഘട്ടം 600 മീറ്റർ റോഡ് ഫോർമേഷൻ പൂർത്തിയായി. രണ്ടാം ഘട്ടത്തിന്റെ 1500 മീറ്റർ റോഡ് ഫോർമേഷൻ പുരോഗമിക്കുന്നു. മൂന്നാം ഘട്ടം കിഫ്ബി 2017–18 ലെ ആയൂർ – അഞ്ചൽ – പുനലൂർ റോഡിൽ ഉൾപ്പെടുത്തി 35 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്ററിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 3. | പത്തനാപുരം ബൈപ്പാസ് | ബഡ്ജറ്റ് 2018–19–ൽ നൂറ് രൂപ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തി 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

### പത്തനംതിട്ട ഡിവിഷൻ

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | പന്തളം ടൗൺ ബൈപ്പാസ് റോഡ് | ടി പദ്ധതിയ്ക്ക് കിഫ്ബി വഴി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവർത്തിയുടെ സാങ്കേതികാനുമതിയ്ക്കുള്ള പ്രവൃത്തികൾ നടന്നു വരുന്നു. |

### കോട്ടയം ഡിവിഷൻ

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | പട്ടിത്താനം – മണർകാട് ബൈപ്പാസ് റോഡ് | എം.സി. റോഡിൽ പെരുന്തുരുത്തി മുതൽ പുവത്തുംമൂട് വരെ പണികൾ പൂർത്തിയായി. പുവത്തുംമൂട് മുതൽ ഏറ്റുമാനൂർ വരെയുള്ള പ്രവർത്തികൾ നടന്നുവരുന്നു. |
| 2. | മുണ്ടക്കയം ബൈപ്പാസ് റോഡ് | 75 % പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 3. | ഈരാറ്റുപേട്ട ബൈപ്പാസ് റോഡ് | ലാന്റ് അക്വിസിഷൻ നടന്നുവരുന്നു. RICK എന്ന ഏജൻസിയാണ് പ്രവർത്തി ചെയ്യുന്നത്. |
| 4. | കടുത്തുരുത്തി ബൈപ്പാസ് റോഡ് ഫേസ് രണ്ട് പാർട്ട് ഒന്ന് | പ്രവർത്തി പൂർത്തിയായി |
| 5. | കടുത്തുരുത്തി ബൈപ്പാസ് റോഡ് ഫേസ് രണ്ട് പാർട്ട് രണ്ട്. | ഫ്ളൈ ഓവർ നിർമ്മാണം ടെണ്ടർ ചെയ്തിട്ടുണ്ട്. റോഡിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ഉടൻ ടെണ്ടർ ചെയ്യുന്നതാണ്. |
| 6. | ഏറ്റുമാനൂർ ലിങ്ക് റോഡ് | കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടന്നു വരുന്നു. |
| 7. | പാല പാരലൽ റോഡും റിംഗ് റോഡും | പ്രവർത്തികൾ പുരോഗമിക്കുന്നു. |

## <u>ആലപ്പുഴ ഡിവിഷൻ</u>

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | കണ്ടിയൂർ ബൈപ്പാസ് റോഡ് | ടെണ്ടർ നടപടികൾ പൂർത്തിയായി. പ്രവർത്തി ഉടനെ ആരംഭിക്കുന്നതാണ്. |
| 2. | ചെങ്ങന്നൂർ ബൈപ്പാസ് റോഡ് | ഒന്നാം ഘട്ടം 6.36 കോടി രൂപ ചിലവിൽ പൂർത്തിയായി. രണ്ടാം ഘട്ടം ആരംഭിക്കുന്നതിനായി 2017-18 ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തുകയും ആയതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ അറേഞ്ച് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

## <u>മൂവാറ്റുപുഴ ഡിവിഷൻ</u>

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | മൂവാറ്റുപുഴ ബൈപ്പാസ് റോഡ് | വെള്ളൂർ കുന്നം വില്ലേജിലെ ടാറിംഗ് ഒഴികെയുള്ള റോഡുപണികൾ, പാലം എന്നിവ പൂർത്തിയായി. മാറാടി വില്ലേജിലെ സ്ഥലം എടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |
| 2. | തങ്കളം – കോഴിപ്പിള്ളി ബൈപ്പാസ് റോഡ് | പദ്ധതി നിലവിലുണ്ട്. ആവശ്യമായ സ്ഥലം മുഴവനായും ഏറ്റെടുത്ത് കിട്ടാത്തതിനാൽ പണി നിർത്തിവച്ചിരിക്കുകയാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

## <u>എറണാകുളം ഡിവിഷൻ</u>

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | തിരുവാകുളം മാമല ബൈപ്പാസ് റോഡ് | കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ, മറ്റു പ്രാരംഭ പഠനവും പൂർത്തിയാക്കിയത് കെ.എസ്സ്.സി.സി ആണ്. ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

ഇടുക്കി ഡിവിഷൻ

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | മുട്ടം ടൗൺ ബൈപ്പാസ് റോഡ് | സ്ഥലം ഏറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |
| 2. | പൈനാവ് – ഇടുക്കി ബൈപ്പാസ് റോഡ് | കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. |

തൃശ്ശൂർ ഡിവിഷൻ

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | വടക്കാഞ്ചേരി ബൈപ്പാസ് റോഡ് | കിഫ്ബി 2017–18 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അലൈൻമെന്റ് തീരുമാനിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. |
| 2. | കുന്നംകുളം റിംഗ് റോഡ് | റോഡുകളുടെ വീതികൂട്ടിയുള്ള പുനരുദ്ധാരണ പ്രവർത്തികൾ പുരോഗമിക്കുന്നു. |
| 3. | ചേലക്കര ബൈപ്പാസ് റോഡ് | കിഫ്ബി 2016–2017–ൽ 25 കോടി രൂപയുടെ പ്രാഥമികാനുമതി ലഭിക്കുകയും, അലൈൻമെന്റ് ഇൻവെസ്റ്റിഗേഷൻ സർവ്വേ നടന്നു കൊണ്ടിരിക്കുന്നു. |

പാലക്കാട് ഡിവിഷൻ

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | കൊല്ലംകോട് ബൈപ്പാസ് | 2013–ലെ എൽ.എ ആക്ട് പ്രകാരമുള്ള അർത്ഥനാപത്രം അനുബന്ധ രേഖകൾ സഹിതം പാലക്കാട് ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിയുടെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുടർ നടപടികൾക്കായി തയ്യാറാക്കിയിട്ടുണ്ട്. |
| 2. | കൊടുവായൂർ ബൈപ്പാസ് റോഡ് | ടി ബൈപ്പാസിനായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലം ജല സേചന വകുപ്പിന്റെ അധീനതയിൽ ആയതിനാൽ ആ വകുപ്പിന്റെ ചീഫ് എഞ്ചിനീയറുടെ എൻ.ഒ.സി. വാങ്ങി ആർ.ബി.ഡി.സി.കെ അധികൃതർക്ക് തുടർ നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 3. | തത്തമംഗലം ബൈപ്പാസ് | 03.02.2016–ലെ G.O.(Rt) No. 240/2016/PWD പ്രകാരം സ്ഥലം ഏറ്റെടുക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 6.50 കോടി രൂപ സ്പെഷ്യൽ തഹസിൽദാർക്ക് 22.04.2016–ന് കൈമാറിയിട്ടുണ്ട്. |
| 4. | ഒറ്റപ്പാലം ബൈപ്പാസ് | കിഫ്ബി 2017–18–ൽ ഉൾപ്പെടുത്തി G.O.(Rt) No. 942/2017/PWD dated 10.07.2017 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി 25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണത്തിന് RBDCK–യെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| 5. | ആലത്തൂർ ബൈപ്പാസ് | 1.200 കി.മീ. ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ |

| | | |
|---|---|---|
| | | എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുന്നതിനായി KRFB-ൽ നൽകിയിട്ടുണ്ട്. (PRICE ID No. 2017/9635) |

<u>മഞ്ചേരി ഡിവിഷൻ</u>

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | വേങ്ങര ബൈപ്പാസ് | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. |
| 2. | പൂക്കിപറമ്പ -പതിനാറുങ്ങൽ ബൈപ്പാസ് | പതിനാറുങ്ങൽ ബൈപാസ് – ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്. |
| 3. | ബല്ലാംകുന്ന് -മീശപ്പടി ബൈപ്പാസ് | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 4. | തിരൂർ -പൊൻമുണ്ടം ബൈപ്പാസ് | ഒന്നും നാലും റീച്ച് പ്രവൃത്തി പൂർത്തീകരിച്ചു. രണ്ടും മൂന്നും റീച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 5. | അലപ്പുറം-കോട്ടപ്പടി വലിയങ്ങാടി ബൈപ്പാസ് | 95% ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമ ഘട്ടത്തിലാണ്. |
| 6. | കോട്ടക്കൽ ബൈപ്പാസ് | മൂന്നാം റീച്ച് അവസാന ഭാഗം ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 7. | നിലമ്പൂർ ബൈപ്പാസ് | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 8. | ഓരാടം പാലം - മാനത്തു മംഗലം ബൈപ്പാസ് | മാനത്തു മംഗലം ബൈപ്പാസ് – പ്രസ്തുത ബൈപ്പാസിന്റെ നിശ്ചയിക്കപ്പെട്ട അലൈൻമെന്റിൽ മാറ്റം വരുത്തണമെന്ന് റെയിൽവേ അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് പുതുക്കിയ അലൈൻമെന്റ് ഫിക്സ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 9. | കഞ്ഞിപ്പുര – മൂടാൽ ബൈപ്പാസ് | എൻ.എച്ച് വട്ടപ്പാറ വളവിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനും വളാഞ്ചേരി വളവിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനു മായിട്ടുള്ള കഞ്ഞിപ്പുര -മൂടാൽ ബൈപ്പാസ്- റോഡ് നിർമ്മാണത്തിലാണ്. ആകെ 7.12612 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഇതിൽ 2.2493 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലത്ത് കലുങ്കുകളുടെ നിർമ്മാണവും, സംരക്ഷണ ഭിത്തികളും പൂർത്തീകരിച്ചു. ബാക്കി സ്ഥലമായ 4.8769 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

കോഴിക്കോട് ഡിവിഷൻ

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | കുറ്റിയാടി ബൈപ്പാസ് | നിർമ്മാണചുമതല RBDCK-യ്ക്ക് ആണ് ഏൽപ്പിച്ചിരിക്കുന്നത് |
| 2. | പേരാമ്പ്ര ബൈപ്പാസ് | നിർമ്മാണചുമതല RBDC-ക്ക് ആണ് ഏൽപ്പിച്ചിരിക്കുന്നത് |
| 3. | ബാലുശ്ശേരി ബൈപ്പാസ് | അലൈൻമെന്റിന് അംഗീകാരം നൽകേണ്ടതുണ്ട്. |
| 4. | നരിക്കുനി ബൈപ്പാസ് | ബൈപ്പാസ് നിർമ്മാണത്തിനുള്ള അലൈൻമെന്റ് കല്ല് സ്ഥാപിക്കാൻ കഴിയാത്തതിനാൽ എൽ.എ. നടപടികൾ തുടങ്ങാൻ സാധിച്ചിട്ടില്ല. |

കാസർഗോഡ് ഡിവിഷൻ

| ക്രമ. നം. | ബൈപ്പാസിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | വിദ്യാനഗർ-ഉളിയത്തടുക്ക-ചൗക്കി ബൈപ്പാസ് | കാസർഗോഡ് ബൈപ്പാസ് എന്ന പേരിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. RBDCK ആണ് ഈ പ്രവൃത്തിയുടെ നിർവഹണ ഏജൻസി. |

സെക്ഷൻ ഓഫീസർ